കിളിമാനൂർ ബ്ലോക്ക്

**നഗരൂർ സിഡ്സ്**

## ആമുഖം

17 വാർഡുകൾ ഉൾപ്പെട്ട നഗരൂർ ഗ്രാമ പഞ്ചായത്തിൽ കോവിഡ് കാലഘട്ടത്തിൽ പഞ്ചായത്തും സിഡിഎസ് ചേർന്ന് നടത്തിയ സംഭാവന വളരെ വലുതാണ് .ലോക രാജ്യങ്ങളിൽ തന്നെ വെല്ലുവിളിയായ മഹാമാരിയെ തുരത്തുവാൻ എല്ലാ വാർഡുകളിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും വാർഡ് മെമ്പർമാരുടെ കീഴിൽ ADS അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ട് യൂണിറ്റുകൾ രൂപീകരിക്കുകയും വീടുവീടാന്തരം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

## സംഘടന

സിഡ്സ്, എ ഡി എസ്, അയൽക്കൂട്ടം തലത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ഈ ഗ്രൂപ്പുകൾ കോവിഡ് കാലത്ത് വിവരങ്ങൾ കൈമാറുന്നതിന് വളരെ അധികം സഹായകമായി. എല്ലാ വയോജന അംഗങ്ങൾക്കും തങ്ങളുടെ അനുഭവങ്ങൾ, ഓർമ്മകൾ, കഥകൾ, കവിതകൾ, എന്നിവ എഴുതി വാട്സ്ആപ്പ് വഴി കൈമാറ്റം ചെയ്യാൻ സാധിച്ചു.
എല് അയൽക്കൂട്ടങ്ങളിലും കൊറോണ കാലഘട്ടത്തിൽ വയോജനങ്ങൾക് വേണ്ടി ചെയ്ത വർക്കുകൾ ക്രോഡീകരിച്ചു. വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ താഴെ തട്ടിൽ നിന്നും സിഡ്സിലേക്കും ജില്ലാ മിഷനിലേക്കും എത്തിക്കുകയും ചെയ്തു. അതുപോലെ ജില്ലാ മിഷനിൽ നിന്നും എല്ലാ വിവരങ്ങളും താഴെ തട്ടിലേക്ക് എത്തിക്കുവാൻ കഴിഞ്ഞു.

**മൈക്രോ ഫിനാൻസ്** :



CMHLS ലോൺ പ്രവർത്തനങ്ങൾ സുഖമമാക്കി. ലോണിന് വേണ്ടിയുള്ള 172 ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്ത്. പലിശരഹിത വായ്പ വിതരണം ഉദ്ഘാടനം ചെയ്തു. രണ്ടര കോടി രൂപയാണ് വിവിധ വാർഡുകളിൽ പലിശരഹിത വായ്പയായി വിതരണം ചെയ്യുന്നത് .എല്ലാ വാർഡുകളിലും എല്ലാ അയൽകൂട്ടത്തിലും കഴിവതും എല്ലാ പേരെയും ഉൾപ്പെടുത്തി കൊണ്ട് വാട്ട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ചു. ഈ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ ഓരോ വാർഡിലും ഉള്ള അയൽക്കൂട്ടങ്ങളിൽ ലോൺ സംബന്ധിച്ച വിവരങ്ങളും മെയിലുകളും എല്ലാം തന്നെ കൈമാറുന്നതിനും അവയെ കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിന് സി ഡി എസിന് സാധിച്ചു.

**കമ്മ്യൂണിറ്റി കിച്ചൺ**



നഗരൂർ പഞ്ചായത്തിൽ ലോക്ക് ഡൌൺ സമയത്ത് പഞ്ചായതും കുടുംബശ്രീഉം ഒറ്റക്കെട്ടായി പ്രവർത്തിച്ച കമ്മ്യൂണിറ്റി കിച്ചൻ നാട്ടുകാർ . March 28 മുതൽ May 5 വരെ കമ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചു.നിർദ്ധനർക്ക് സൗജന്യമായാണ് ഭക്ഷണം എത്തിക്കുന്നത്.പഞ്ചായത്തും കുടുംബശ്രീയും സമ്മിശ്രമായി ചേർന്ന് കൊണ്ട് ന്യായവിലക്ക് ഭക്ഷണമുറപ്പാക്കുന്ന ജനകീയ ഹോട്ടൽ ഉടൻ ആരംഭിക്കും. ഈ പദ്ധതിയിലൂടെ പ ഒരുപാട് നിർധനരായ അംഗങ്ങൾക്ക് ഭക്ഷണം നൽകുവാൻ സാധിച്ചു

**<u>മൈക്രോ എന്റർപ്രൈസ്സ്</u>**

പൊതു ജനങ്ങൾക്ക് 25 രൂപ നിരക്കിൽ പാർസൽ ലഭ്യമാകും ഓർഡർ അനുസരിച്ച് മാസ്ക്കുകൾ കുറഞ്ഞ നിരക്കിൽ തയ്ച്ചുനൽകുന്നു ബാലസഭ: കലാകായിക അഭിരുചി വളർത്തുന്നതിനായി ബാലസഭ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് പരിപാടികൾ നടത്തി.

**<u>സോഷ്യൽ ഡെവലപ്പ്മെന്റ്</u>**



ആശ്രയ ഗുണഭോക്താക്കൾക്ക് വാർഡു തിരിച്ച് കിറ്റുകൾ കൊണ്ടുപോയി എത്തിച്ചു .ആശ്രയ ഗുണഭോക്താക്കളിൽ യാത്ര ചെയ്യാൻ കഴിയാത്ത രോഗികൾക്ക് ഹോമിയോ, ആയുർവേദ, അലോപ്പതി തുടങ്ങിയ മരുന്നുകൾ എത്തിച്ചു നൽകി .

ആശ്രയ ഗുണഭോക്താക്കൾക്കാവശ്യമായ സാധനങ്ങൾ അവരുടെ വീടുകളിൽ എത്തിക്കുകയും മറ്റും ചെയ്തു. യാത്ര ചെയ്യാൻ കഴിയാത്ത വയോജനങ്ങൾക്ക് മരുന്നുകൾ വാങ്ങി നൽകുകയും അവർക്ക് പെൻഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്തു.

**MKSP**



കോവിഡ് സമയത്ത് കൃഷി ഭവനിൽ നിന്ന് എല്ലാ അംഗങ്ങൾക്കും വിത്തുകൾ നൽകുന്നതിനുള്ള നടപടികൾ എടുത്തു. കമ്യൂണിറ്റി കിച്ചനിലേക്ക് ആവശ്യമായ പച്ചക്കറികൾ, കിടങ്ങ് വർഗങ്ങൾ എന്നിവയെല്ലാം JLGകളിൽ നിന്ന് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ലോൺ എടുത്ത ഗ്രൂപ്പുകൾക്ക് ഇൻസന്റീവ് ലഭ്യമാക്കുന്നതിനുള്ള ആപ്ലിക്കേഷൻസ് സമർപ്പിച്ചു. അടുക്കളത്തോട്ടം, മൈക്രോ ഗ്രീൻ കൃഷികൾ വ്യാപിപ്പിച്ചു.പഞ്ചായത്തിന്റെ സുഭിക്ഷ കേരളം പദ്ധതി കൃഷി ഭവൻ വഴി എല്ലാ അയൽകൂട്ട അംഗങ്ങളെയും കൊണ്ട് ചെയ്യുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

**സംയോജിത പ്രവർത്തനങ്ങൾ**




ഈ കൊറോണ കാലഘട്ടത്തിൽ നഗരൂർ ഗ്രാമ പഞ്ചായത്ത് സി ഡി എസ് എസും ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾ വളരെയധികം മികവുറ്റതായിരുന്നു. പഞ്ചായത്തും സിഡിഎസ് ചേർന്ന് റോഡുകളിലെ മാലിന്യങ്ങൾ മറ്റും നീക്കം ചെയ്യുകയും ചെയ്തു.
ആശ്രയ ഗുണഭോക്താക്കൾക്കായി അംഗങ്ങൾക്ക് പഞ്ചായത്തിന്റെ വാഹനത്തിൽ വാർഡ് മെമ്പർമാരുടെ സഹായത്തോടുകൂടി ഓരോ വാർഡിലെയും അംഗങ്ങളുടെ വീടുകളിൽ എത്തിച്ചു. കൃഷിഭവനുമായി ചേർന്നുകൊണ്ട് വിത്തുകൾ കുടുംബശ്രീ അംഗങ്ങൾക്ക് നൽകുകയും ചെയ്തു.

റിപ്പോർട്ട് തയ്യാറാക്കിയ

**<u>ബ്ലോക്ക് കോർഡിനേറ്റർ</u>**
ആസിയ. A.L
7034928935

**ചെയർപേർസൺ**
ശ്രീലത
8075607093